പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3143 — 13.03.2017 ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിലെ കൃഷി

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കുട്ടനാട്ടിലെ കൃഷിയിടങ്ങൾക്ക് ഭീഷണിയായ ഓരു വെള്ളവും പായൽ പ്രശ്നവും പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | കുട്ടനാട്ടിലെ നെൽകൃഷി രംഗത്തുള്ള പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണാനും സവിശേഷമായ ഇവിടുത്തെ ആവാസ വ്യവസ്ഥ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കുട്ടനാട് പാക്കേജ് പദ്ധതി നടത്തിപ്പിലെ ഏകോപനമില്ലായ്മ മൂലവും സമയബന്ധിതമായ പ്രവർത്തികൾ പൂർത്തിയാക്കാനാകാത്തതിനാലും ലക്ഷ്യപ്രാപ്തിയിലെത്താതെ അവസാനിച്ചിരിക്കുകയാണ്. എങ്കിലും കുട്ടനാട്ടിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൃഷി വകുപ്പ് ശ്രമിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി കുട്ടനാട്ടിലെ കൃഷി ഇടങ്ങൾക്ക് പുഞ്ചകൃഷിയിൽ ഓരു വെള്ളം ഭീഷണി നേരിടുന്നതിനായി 15/12/2016-ൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ കമ്മിറ്റി കൂടി തണ്ണീർമുക്കം ബണ്ട് അടയ്ക്കുന്നതിന് ആലപ്പുഴ ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പോളയും പായലും നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്. |
| (ബി) കൊയ്ത്ത് കാലത്ത് ആവശ്യത്തിന് കൊയ്ത്തുമെതി യന്ത്രങ്ങൾ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ? | (ബി) | കൊയ്ത്ത് കാലത്ത് ആവശ്യത്തിന് കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാക്കി പുഞ്ച വിളവെടുപ്പ് സുഗമമായി നടത്തുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസിന്റെ പക്കലുള്ള ജി.പി.എസ്. ഘടിപ്പിച്ച 15 യന്ത്രങ്ങൾ മുൻഗണന പ്രകാരം കൃഷി ഓഫീസറുടെ ശുപാർശയിന്മേൽ നൽകുന്നതിനു തീരുമാനിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്ന കൊയ്ത്തു മെതിയന്ത്രങ്ങൾ വരൾച്ച , കീടബാധ തുടങ്ങിയവ സൃഷ്ടിച്ച പ്രതിസന്ധി പരിഗണിച്ച് കഴിഞ്ഞ വർഷത്തെ അതേ നിരക്കിൽ നൽകുന്നതിന് ഉടമകളുമായി ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ